"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷക്ഷേമ വകുപ്പ് - ഹജ്ജ് തീർത്ഥാടനം 2023 - കണ്ണൂർ ഹജ്ജ് എംബാർക്കേഷൻ പോയിന്റിൽ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന് ഭരണാനുമതി നൽകിയ തുകയിൽ നിന്നും പൊതുമരാമത്തു വകുപ്പ്, നിരത്തുകൾ വിഭാഗത്തിന് നൽകുവാനുള്ള തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

സ.ഉ.(സാധാ) നം.5412/2024/GAD തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 17/01/2022 തീയതിയിലെ സ.ഉ (പി) നം. 07/2022/ധന നമ്പർ ഉത്തരവ്
2. 2023-ലെ ബജറ്റ് മറുപടി പ്രസംഗം.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 22/04/2023, 26/04/2023 എന്നീ തീയതികളിലെ DCKNR/2787/2023-H4 നമ്പർ കത്ത് .
4. 18/05/2023 തീയതിയിലെ സ .ഉ .(കൈ ) നം. 63/ 2023/GAD
5. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 18/ 06/ 2024 തീയതിയിലെ EERD-DVOKNR/15/2024-A3-PWD നമ്പർ കത്ത്
6. 25/09/2024 തീയതിയിലെ ഹജ് കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറിയുടെ H1-48/2023/ KSHC നമ്പർ കത്ത്
7. 20/11/2024 തീയതിയിലെ സ.ഉ.(സാ ധാ ) നം. 8579/2024/ധന

**ഉത്തരവ്**

പുതുതായി ഹജ്ജ് എംബാർകേഷൻ പോയിൻറ് അനുവദിച്ച കണ്ണൂർ എയർപോർട്ടിന് ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഒരു കോടി രൂപ അനുവദിക്കുന്നതായി സൂചന 2-പ്രകാരം പ്രഖ്യാപനം വന്നിരുന്നു . പ്രസ്തുത എയർപോർട്ടിനുള്ളിലെ ജോലികൾ ടെണ്ടർ നടപടികളിലൂടെ പൂർത്തിയാക്കുന്നതിനു കാലതാമസം വരുമെന്നതിനാലും ഹജ്ജ് തീർത്ഥാടനം തുടങ്ങുന്നതിന് കുറച്ച് ദിവസം മാത്രമേ ബാക്കിയുള്ളു എന്നതിനാലും പ്രവർത്തികൾ പരാമർശം 1-പ്രകാരം ടെണ്ടറില്ലാതെ അക്രെഡിറ്റഡ് ഏജൻസികളിൽ ഏതെങ്കിലും ഒന്നിനെ ഏൽപ്പിച്ചു പൂർത്തീകരിക്കുന്നതിന് പ്രസ്തുത പ്രൊപ്പോസൽ ഒരു കോടി രൂപയ്ക്കുള്ളിൽ ലിമിറ്റ് ചെയ്ത് പരാമർശം 3-പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ സമർപ്പിക്കുകയും പരാമർശം 4 -പ്രകാരം കണ്ണൂർ ഹജ്ജ് എംബാർകേഷൻ പോയിന്റിൽ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ തുക ആയ 99,31,151 /- രൂപയ്ക്ക് ( തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി ഒരുനൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം ) ഭരണാനുമതി നൽകിക്കൊണ്ടും ആവശ്യമായ തുക 2075 -00 - 800 -81 -00 -35 (PV) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽ എയർ പോർട്ടിലേക്കു വഴികാണിക്കുന്നതിനാവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കൽ ,റോഡ് ,ഡ്രൈനേജ് വൃത്തിയാക്കൽ എന്നീ പ്രവർത്തികൾ ചെയ്യുന്നതിന് പൊതുമരാമത്ത് റോഡ് ഡിവിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു .പരാമർശം 5 - പ്രകാരം മേൽ പ്രവർത്തികൾ പൂർത്തീകരിച്ചു ,പൊതുമരാമത്ത് വകുപ്പ് ,നിരത്തുകൾ വിഭാഗം കണ്ണൂർ ജില്ല എക്സിക്യൂട്ടീവ് ഓഫീസർ ബിൽ തുകയായ 4,84,952 /-രൂപ (നാലു ലക്ഷത്തി എൺപ്പത്തി നാലായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ടു രൂപ) അനുവദിക്കുന്നതിലേക്കു ബില്ലുകൾ ലഭ്യമാക്കുകയും ,സൂചന 6 -പ്രകാരം ഫണ്ട് അനുവദിക്കുന്നതിന് ഹജ്ജ് കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറി ശുപാർശ സമർപ്പിക്കുകയും, സൂചന 7 -പ്രകാരം ടി ഫണ്ട് സർക്കാർ 2075-00-800-81-00-35(PV) എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു .

മേൽ സാഹചര്യത്തിൽ കണ്ണൂർ ഹജ്ജ് എംബാർക്കേഷൻ പോയിന്റിൽ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന് ഭരണാനുമതി നൽകിയ തുകയിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ,നിരത്തുകൾ വിഭാഗത്തിന് നൽകുവാനുള്ള 4,84,952 /-രൂപ (നാലു ലക്ഷത്തി എൺപ്പത്തിനാലായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ടു രൂപ) 2075-00-800-81-00-35(PV) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI M R

ജോയിന്റ് സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഓഫീസർ & ജില്ലാ കളക്ടർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, മലപ്പുറം
2. ജില്ലാ കളക്ടർ, കണ്ണൂർ
3. എക്സിക്യൂട്ടീവ് ഓഫീസർ ,പൊതുമരാമത്ത് വകുപ്പ് ,നിരത്തുകൾ വിഭാഗം ,കണ്ണൂർ
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ.&പി .ആർ.ഡി.
6. ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Sheeba Beegom A M

Date: 09-12-2024 12:58:41

സെക്ഷൻ ഓഫീസർ